(സി) ബി. ഫാർമസി വിദ്യാർത്ഥികളും മെഡിക്കൽ കോളേജിൽ അദ്ധ്യയനത്തിനായി ഈ വർഷാരംഭത്തിൽ മാത്രം വന്നുചേരുന്നതും ഇതുവരെ ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറിന്റെ ആവശ്യം ഇല്ലാത്തതുമാകുന്നു. അദ്ധ്യയനം കാര്യക്ഷമമായി നടക്കുന്നില്ല എന്നു പറയുന്നത് ശരിയല്ല. അദ്ധ്യയനം ആദ്യത്തെ രണ്ട് സംവൽസരം യൂണിവേഴ്സിറ്റി കോളേജിലും എൻജിനിയറിംഗ് കോളേജിലും ആണ് നടക്കുന്നത്.

(ഡി) ഈ കോഴ്സിന് ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറും അദ്ധ്യക്ഷനും താമസിയാതെ ഉണ്ടാകുന്നതാകുന്നു.

ADJOURNMENT MOTIONS

Police excesses on agricultural labourers at Thazhakkara in Mavelikara.

മി. സ്പീക്കർ: മാവേലിക്കര താലൂക്കിലെ തഴക്കര എന്ന സ്ഥലത്ത ഈ മാസം 10–ാം തീയതി കർഷകത്തൊഴിലാളികളെ ലാത്തിച്ചാർജ് 9 a.m. ചെയ്യുകയും അവരിൽ 79 പേരെ അറസ്റ്റു ചെയ്യുകയും രാത്രികാലങ്ങളിൽ അവരുടെ വീട്സർച്ച് ചെയ്യുകയും സ്ത്രീ പുരുഷൻമാരെ മർദ്ദിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നതിനെ തുടർന്ന് ഉണ്ടായിരിക്കുന്ന ഗുരുതരാവസ്തയെക്കുറിച്ച് ചർച്ചചെയ്യുന്നതിനായി ഈ നിയമസഭയുടെ ഇന്നത്തെ നടപടികളം നിർത്തിവയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ശ്രീ. പി. കെ. കുഞ്ഞച്ചൻ റൂൾ 49 അനുസരിച്ച് ഒരുനോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ): ഇതിനെ സംബന്ധിച്ചുള്ള വിവരം ശേഖരിച്ച് ഞാൻ അടുത്ത ദിവസം പ്രസ്താവിക്കാം.

CALLING ATTENTION UNDER RULE 61

Strike by the Employees of the Woodlands Hotel in Ernakulam.

മി. സ്പീക്കർ: റൂൾ 61 അനുസരിച്ച് ശ്രീ. ടി. കെ. രാമകൃഷ്ണൻ എറണാകുളം വുഡ് ലാൻഡ്സ് ഹോട്ടലിൽ നടക്കുന്ന പണിമുടക്ക് സമരത്തെ സംബന്ധിച്ച് ഒരു ശ്രദ്ധ ക്ഷണിക്കൽ പ്രമേയം തന്നിട്ടുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഏതാണ്ട് രണ്ടു മാസത്തിൽ കൂടുതലായി നടന്നുവരുന്ന ഒരു പണിമുടക്കിനെ സംബന്ധിച്ച് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഞാനുദ്ദേശിക്കുന്നത്. 12–10–1969 മുതൽ പണിമുടക്കുകയും തലേനാൾ മുതൽക്ക് ഹോട്ടൽ പൂട്ടിയിട്ടതിനേയും പേരിലുള്ള പ്രശ്നമാണ് എറണാകുളത്ത് നടക്കുന്നത്. ഏതാണ്ട് മൂന്ന് നാലായിരം രൂപാ പ്രതിദിനം പിരിവുള്ള കേരളത്തിലെ പ്രധാനപ്പെട്ട വുഡ് ലാൻഡ്സ് ഹോട്ടലിലാണ് ഈ സമരം നടക്കുന്നത്. ന്യായമായി തൊഴിലാളികളം കൂലിക്കൂടുതലടക്കമുള്ള ആവശ്യങ്ങളം നേടിയെടുക്കാൻ മെമ്മോറാണ്ടം സമർപ്പിക്കുകയും അതിന്റെ കൂടിയാലോചന നടക്കുന്നതിന് മുൻപ് തന്നെ തൊഴിലാളികളെ പിരിച്ചു വിടുകയും ചെയ്തതിനുശേഷം ഉണ്ടായതാണ് ഈ സമരം. ന്യായമായ ഈ സമരം ആരംഭിച്ചശേഷം ഡി. എൽ. ഒ. ഒരു പ്രാവശ്യവും ലേബർ കമ്മീഷണർ മറെറാരു പ്രാവശ്യവും കാൺഫറൻസ് വിളിച്ചു. ഈ കോൺഫറൻസുകളിലൊന്നും ഹോട്ടലുടമ ഹാജരായില്ല. വക്കീലിനെ പറ

LIBRARY ARCHIVES Kerala Legislative Assembly

ഞ്ഞയക്കും. ധിക്കാരിയായ ഹോട്ടലുടമയുടെ ഈ നടപടിക്കെതിരായി ആവശ്യമായ നടപടികളെടുക്കാമെന്ന് പറഞ്ഞ് ലേബർ കമ്മീഷണർ പോയതിനുശേഷം ഇതുവരേയാതൊരു നടപടിയും ഗവൺമെൻറ് ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് തന്നെ ഈ കാര്യം ചൂണ്ടിക്കാണിച്ച് അവർ നിവേദനം നടത്തിയിട്ടുണ്ടെന്നും കമ്പിയും രജിസ്റ്റർ കത്തും അയച്ചിട്ടുണ്ടെന്നുമാണ് ഞാൻ മനസ്സിലാക്കുന്നത്. ഗവൺമെൻറ് യാതൊരു നടപടിയുമെടുക്കാത്ത ഈ സന്ദർഭം ഉപയോഗിച്ചുകൊണ്ട് നമ്മുടെ കേരളത്തിലെ ഒരു തൊഴിൽ സ്ഥാപനത്തിലും ആരും അംഗീകരിക്കാത്ത നിലയിലുള്ള ചില മർദ്ദനനടപടികളും പ്രതികാരനടപടികളും ഈ ഹോട്ടലുടമസ്ഥൻ എടുത്തുകൊണ്ടിരിക്കുകയാണ്. മുദ്രാവാക്യം വിളിക്കുന്ന തൊഴിലാളികളെ അറസ്റ്റ് ചെയ്യുക എന്നുള്ളത് സർ, ഈ ഗവൺമെൻറിൻെറ നയമാണോ; അങ്ങനെയാണെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി ആ കാര്യം വ്യക്തമാക്കണം. ഇന്നലെ ശ്രീ. ബാലാനന്ദൻ സംസാരിച്ചപ്പോഴും മുദ്രാവാക്യം വിളിച്ചതിന് അറസ്റ്റ് ചെയ്തിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അങ്ങയ്ക്ക് കിട്ടിയിട്ടുള്ള വിവരം തെറ്റായിരിക്കാം. അധികൃതമായി എഴുതി അയയ്ക്കുന്ന വിവരം തെറ്റായിരിക്കാം. മുദ്രാവാക്യം വിളിച്ച ആളുകളെ അറസ്റ്റ് ചെയ്ത ഉടൻതന്നെ ഈ നിയമസഭയിലെ ഒരു അംഗമായ ശ്രീ. പി. ഗംഗാധരനും ഞാനും സ്ഥലത്തുചെന്ന് പോലീസുകാരോട് ചോദിച്ചു മുദ്രാവാക്യം വിളിക്കുന്ന ആളുകളെ എന്തിനാണ് അറസ്റ്റ് ചെയ്യുന്നു എന്ന്. അവർ പിക്കറ് ചെയ്യുന്നു എന്നു പറഞ്ഞു. പൂട്ടിയിട്ടിരിക്കുന്ന ഒരു ഹോട്ടലിൽ ആരും അകത്ത് കയറാൻ ചെല്ലുന്നില്ല., പിന്നെ എന്തിനാണ് പിക്കറിംഗ് എന്ന് ചോദിച്ചപ്പോൾ 'ഞങ്ങളോട് എന്തിനാ ചോദിക്കുന്നു സാറേ' എന്നാണ് പോലീസുകാർ ചോദിച്ചത്. പൂട്ടിയിട്ട ഹോട്ടലിനു മുൻപിൽ മുദ്രാവാക്യം വിളിച്ച ആളുകളെ 51 പേരെ—അറസ്റ്റ് ചെയ്ത് അവരുടെ പേരിൽ കേസ് എടുത്തിരിക്കുകയാണ്. യൂണിയൻ പ്രവർത്തകൻമാർ ഹോട്ടലിൻെറ മുൻപിൽ ചെല്ലാൻ പാടില്ലെന്ന് കോടതിയിൽ നിന്നുള്ള നിരോധന ഉത്തരവുകളും ഈ ഹോട്ടലുടമസ്ഥൻ വാങ്ങിച്ചിട്ടുണ്ട്. ഏഴു മുതൽ പത്തുവരെ പോലീസുകാരെ ഇപ്രതയും ദിവസങ്ങളായി തുടർച്ചയായി നിർത്തുകയാണ്. ഇതിൽ ചില പോലീസുകാർ തൊഴിലാളികളെ ചീത്ത പറയുന്നു. മാത്രമല്ല, യൂണിയൻ പ്രവർത്തകൻമാരേയും മറ്റു രാഷ്ട്രീയപ്രവർത്തകൻമാരേയുമെല്ലാം തന്നെ പരസ്യമായി ചീത്ത പറയുന്നു. 'എൻെറ തൊപ്പി പോയാലും തരക്കേടില്ല, ഞാൻ നിങ്ങളെ ഒരു പാഠം പഠിപ്പിക്കും' എന്നുള്ള ഭീഷണി മുഴക്കുന്നുണ്ട്. ഉത്തരവാദപ്പെട്ട അധികാരികളുടെ മുൻപിൽ ഈ പ്രശ്നം പെടുത്തിയിട്ടുണ്ടെങ്കിലും യാതൊരു നടപടിയും ഇതേവരെ ഉണ്ടായിട്ടില്ല. നമ്മുടെ നാട്ടിൽ തൊഴിലാളികൾക്ക് ന്യായമായി സമരങ്ങൾ ചെയ്യാൻ അവകാശമുണ്ട്. തൊഴിൽ സമരങ്ങളിൽ പോലീസ് ഇടപെടുകയില്ല എന്നുള്ള നയം പ്രഖ്യാപിച്ചത് ഈ നിയമസഭയുടെ അന്തരീക്ഷത്തിൽ നിലവിലുണ്ട്. ഈ ഗവൺമെൻറ് ആ നയം നടപ്പാക്കുമെന്നാണോ പ്രഖ്യാപിക്കുന്നത്. അങ്ങനെയാണെങ്കിൽ മുദ്രാവാക്യം വിളിച്ച തൊഴിലാളികളെ അറസ്റ്റ് ചെയ്യുകയും പോലീസ് ഭീഷണിപ്പെടുത്തുകയും ചെയ്യുന്നത് ഏതു ഉത്തരവിൻെറ അടിസ്ഥാനത്തിൽ? ആ ഉത്തരവ് അധികൃതമായിട്ടുള്ളതാണെങ്കിൽ ആ ഉത്തരവ് കൊടുത്തവർക്കെതിരായി നടപടിയെടുക്കുകയും ബഹുമാനപ്പെട്ട മന്ത്രിതന്നെ നേരിട്ട് കോൺഫറൻസ് വിളിച്ച് ഈ പ്രശ്നം തീർക്കുന്നതിന് സന്ദർഭമാകുകയും ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ ഹോട്ടൽ ഉടമസ്ഥൻ വന്നില്ലെങ്കിൽ, വരുത്താൻ ആവശ്യമായ നടപടിയെടുക്കണം. ഒരു ഹോട്ടലുടമസ്ഥനും ഗവൺമെൻറും ശക്തിയായ നിലപാടെടുത്താൽ അതിനെ മറികടന്ന് പോകാൻ ധൈര്യപ്പെടുകയില്ല. നമ്മുടെ തൊഴിലാളികൾക്ക് സമരം ചെയ്യാനും സംഘടിതമായി അവകാശങ്ങൾ നേടാനും പറ്റിയ ഒരു സാഹചര്യമുണ്ടാക്കണമെന്നും ഈ പ്രശ്നം അടിയന്തിരമായി പരിഹരിക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

ഒരു കോൺഫറൻസ് വിളിക്കണമെന്നുമാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

വ്യവസായവും തൊഴിലും മന്ത്രി: (ശ്രീ. പി. രവീന്ദ്രൻ):

സർ,

എറണാകുളം വുഡ്‌ലാൻസ് ഹോട്ടലിലെ തൊഴിലാളികളും ഒരു പണിമുടക്ക് സമരത്തിൽ ഏർപ്പെട്ടിരിക്കുകയാണെന്ന കാര്യം നേരത്തെതന്നെ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഡിസ്ട്രിക്റ്റ് ലേബർ ഓഫീസറും ഡെപ്യൂട്ടി ലേബർ കമ്മീഷണറും വിളിച്ചു കൂട്ടിയ അനുരഞ്ജന സംഭാഷണങ്ങളും പരാജയപ്പെട്ടതിനുശേഷം ഹോട്ടൽ തൊഴിലാളി യൂണിയന്റെ സെക്രട്ടറി എന്നെ സമീപിക്കുകയും ലേബർ കമ്മീഷണറെക്കൊണ്ട് ഒരു സമ്മേളനം വിളിച്ചു കൂട്ടണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. അന്നുതന്നെ ലേബർ കമ്മീഷണർ കാൺഫറൻസ് വിളിച്ചു കൂട്ടണമെന്നു നിർദ്ദേശം കൊടുക്കുകയും അതനുസരിച്ച് ഒട്ടും താമസിയാതെ ലേബർ കമ്മീഷണർ സമ്മേളനം വിളിച്ചു കൂട്ടുകയും ചെയ്തു. പക്ഷേ ആ കൂടിയാലോചനകളെല്ലാം തെറ്റിപ്പിരിയുകയാണുണ്ടായത്. അതിനെ തുടർന്ന് ഹൈക്കോടതിയുടെ ഏതോ ചില നിയന്ത്രണങ്ങളും സമരം നടത്തുന്ന തൊഴിലാളി യൂണിയന്റെ നേരേ ഉണ്ടായി എന്നാണ് അറിയുന്നത്. ഈ നിയന്ത്രണങ്ങളിൽ ചിലത് ലംഘിക്കുന്നുവെന്നും അതിൽ പോലീസ് ഇടപെടുന്നു എന്നും പരാതി ലഭിക്കുകയുണ്ടായി. കൂടാതെ ലേബർ കമ്മീഷണറുടെ കൂടിയാലോചന കഴിഞ്ഞതിന് ശേഷം മന്ത്രിതന്നെ നേരിട്ട് ഒരു ഹൈ ലെവൽ കോൺഫറൻസ് വിളിക്കണമെന്ന് യൂണിയൻ ഭാരവാഹികളും എന്നെ അറിയിക്കുകയുണ്ടായി. ഇതനുസരിച്ച് ഈ 21-ാം തീയതി വൈകുന്നേരം നാലുമണിക്ക് ഒരു കോൺഫറൻസ് വിളിക്കാനുള്ള നിർദ്ദേശം ഞാൻ നൽകിയിട്ടുണ്ട്. അതിനാവശ്യമായ കത്ത്ഷണക്കത്തുക്കളും ഇതിനകം അയച്ചിട്ടുണ്ട്. അവിടെ നടന്നു എന്നു പറയുന്ന പോലീസിന്റെ നടപടിയെ സംബന്ധിച്ച് ആക്ഷേപങ്ങളുണ്ടായിട്ടുണ്ട്. ഇന്നലെത്തന്നെ അതേ സംബന്ധിച്ച് ഒരു ചോദ്യമുണ്ടായിരുന്നു. ഇതിനെ സംബന്ധിച്ച കാര്യങ്ങളും അന്വേഷിക്കണമെന്ന് ഞാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അങ്ങനെ പോലീസിന്റെ ഭാഗത്തുനിന്നു എന്തെങ്കിലും അതിരുകടന്ന, ന്യായ വിരുദ്ധമായ നടപടികളും ഉണ്ടോ ഇല്ലയോ എന്നുള്ളത് പരിശോധിക്കാമെന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പു നൽകുകയാണ് ചെയ്തിട്ടുള്ളത്. ഏതായാലും ശ്രീ. ടി. കെ. രാമകൃഷ്ണൻ പറഞ്ഞതുപോലെ ഗവൺമെൻറ് ഇതിനകത്ത് യാതൊരു ഉദാസീനതയും കാണിച്ചിട്ടില്ല. എന്നോട് ലേബർ കമ്മീഷണറെക്കൊണ്ട് സമ്മേളനം വിളിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ഒരു മണിക്കൂറിനകം തന്നെ അതിനുള്ള നിർദ്ദേശം കൊടുക്കുകയുണ്ടായി. മന്ത്രിതന്നെ ഒരു കാൺഫറൻസ് വിളിക്കണമെന്ന് പറഞ്ഞതിനും യാതൊരനാസ്ഥയും കാണിച്ചിട്ടില്ല. സമയ ദൌർലഭ്യം ഉണ്ടെങ്കിലും 21-ാം തീയതി നാലുമണിക്ക് ഒരു കാൺഫറൻസ് വിളിച്ചു കൂട്ടാൻ കത്ത്ഷണക്കത്തുകളും അയയ്ക്കുകയും ചെയ്തിട്ടുണ്ട്. ഈ തൊഴിൽത്തർക്കം ഒതുക്കിത്തീർക്കാൻ ഗവൺമെൻറ് പരമാവധി ശ്രമിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട മെമ്പർക്കും ഈ സഭയ്ക്കും ഞാൻ ഉറപ്പു നൽകുകയാണ്.

PRESENTATION OF REPORTS

Shri M. P. Mohamed Jafferkhan: I present the following reports of the Committee on Public Undertakings for the year 1969-70.

(1) The Third Report on the Kerala Fisheries Corporation Ltd.

(2) The Fourth Report on the Kerala State Industrial Development Corporation Ltd.

LIBRARY ARCHIVES Kerala Legislative Assembly